REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-10-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ദേശീയ ഏകതാ ദിനത്തിൽ സർദാർ വല്ലഭായി പട്ടേലിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.**
- **കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്തിന്റെ ഐക്യത്തിലും അഖണ്ഡതയിലും അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഉപതിരഞ്ഞെടുപ്പിന് മത്സര ചിത്രം വ്യക്തമായതോടെ വയനാട്ടിലും പാലക്കാട്ടും ചേലക്കരയിലും പ്രചാരണം ഊർജ്ജിതമാക്കി സ്ഥാനാർത്ഥികൾ.**
- **തിന്മയ്ക്ക് മേൽ നന്മയുടെ വിജയം എന്ന സന്ദേശവുമായി രാജ്യമെങ്ങും ദീപാവലി ആഘോഷത്തിൽ.**
- **ISL ഫുട്ബോളിൽ ഇന്ന് പഞ്ചാബ് FC ചെന്നൈയിൻ FC യെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ ഏകതാ ദിനം. 2014 മുതലാണ് ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനമായ ഒക്ടോബർ 31, ദേശീയ ഏകതാ ദിനമായി ആഘോഷിച്ചു വരുന്നത്.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ

അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും ന്യൂഡൽഹിയിലെ പട്ടേൽ ചൗക്കിൽ അദ്ദേഹത്തിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

സർദാർ പട്ടേൽ മഹാനായ രാജ്യസ്നേഹിയും മുൻനിര രാഷ്ട്ര നിർമ്മാതാവുമായിരുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു.

സർദാർ പട്ടേലിന്റെ ദൃഢമായ, ഏകീകൃത ഭാരതത്തിന്റെ ദർശനം, ഐക്യം വളർത്താൻ ജനങ്ങളെ പ്രചോദിപ്പിച്ചുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. അദ്ദേഹം മുന്നോട്ട് വെച്ച ഐക്യത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കാൻ എല്ലാവരും പ്രതിജ്ഞയെടുക്കണമെന്നും ഉപരാഷ്ട്രപതി അഭ്യർത്ഥിച്ചു.

സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. അദ്ദേഹത്തിന്റെ പ്രഥമ പരിഗണന രാജ്യത്തിന്റെ ഐക്യത്തിന്റെയും പരമാധികാരത്തിന്റെയും സംരക്ഷണമാണെന്നും മോദി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. സർദാർ വല്ലഭായ് പട്ടേലിന്റെ പൈതൃകവും സംഭാവനകളും രാജ്യത്തെ ഭാവി തലമുറകൾക്ക് പ്രചോദനമായി തുടരുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്തിന്റെ ഐക്യത്തിലും അഖണ്ഡതയിലും അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷ പരിപാടിയിൽ ഗുജറാത്തിലെ കെവാഡിയായിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

----------------(HOLD For PM VOICE)---------------

സ്വാതന്ത്ര്യം നേടി ഏഴു പതിറ്റാണ്ടുകൾക്കിപ്പുറം ഒരു രാജ്യം ഒരു ഭരണഘടനയെന്ന ലക്ഷ്യം പൂർത്തീകരിക്കാനായതിൽ രാജ്യം സന്തോഷം പ്രകടിപ്പിക്കുന്നതായും സർദാർ പട്ടേലിന് ഏറ്റവും വലിയ ശ്രദ്ധാഞ്ജലിയാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു.

------------------ഡെസ്ക് റിപ്പോർട്ട് ------------------

ഭരണഘടനയുടെ 370-ാം അനുച്ഛേദം റദ്ദാക്കിയതോടെ ജമ്മുകശ്മീരിൽ വിവേചനമില്ലാതെ തിരഞ്ഞെടുപ്പ് നടത്താനായെന്നും ഇത് ഭരണഘടനാ ശില്പികൾക്ക് ഏറെ സംതൃപ്തി നൽകുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

ദേശീയ ഐക്യത്തിനുവേണ്ടിയുള്ള പ്രതിബദ്ധത ഇന്ന് ഗവണ്മെന്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും ദൗത്യങ്ങളിലും പ്രകടമാണ്. യഥാർത്ഥ ഭാരതീയരെന്ന നിലയിൽ രാജ്യത്തിന്റെ ഐക്യത്തിനായി നടത്തുന്ന ഓരോ ശ്രമങ്ങളും നാം

പ്രത്യാശയോടെയും ആവേശത്തോടെയും ആഘോഷിക്കേണ്ടതുണ്ട്. ഇന്ത്യൻ ഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നാം ഐക്യത്തിന്റെ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നു. രാജ്യം അഭിമാനത്തോടെ സ്വീകരിച്ച പുതിയ വിദ്യാഭ്യാസ നയം ഇതിന് മറ്റൊരു ഉദാഹരണമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഏകതാ നഗറിലെ ഏകതാ പ്രതിമയിൽ സർദാർ വല്ലഭായ് പട്ടേലിന് പ്രധാനമന്ത്രി പുഷ്പാർച്ചന നടത്തുകയും ഏകതാ ദിവസ് പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. ഏകതാ ദിവസ് പരേഡും പ്രധാനമന്ത്രി വീക്ഷിച്ചു.

✪✪✪

BJP യുടെ നേതൃത്വത്തിൽ കോഴിക്കോട്ട് രാഷ്ട്രീയ ഏകതാ ദിവസ് ആചരിച്ചു. കോഴിക്കോട് കോട്ടൂളി മുതൽ അരയിടത്തുപാലം വരെ പദയാത്രയും, ഏകതാ പ്രതിജ്ഞയും സംഘടിപ്പിച്ചു.

✪✪✪

രാഷ്ട്രീയ ഏകതാ ദിവസിന്റെ ഭാഗമായി ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ ആഭിമുഖ്യത്തിൽ കവരത്തി ദ്വീപിൽ റൺ ഫോർ യൂണിറ്റി പരിപാടികൾ സംഘടിപ്പിച്ചു. ഗാന്ധി സ്ക്വയറിൽ സംഘടിപ്പിച്ച ഏകതാ പരേഡിനെ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് രാഹുൽ സിംഗ് അഭിവാദ്യം ചെയ്തു.

✪✪✪

വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും ഉപതിരഞ്ഞെടുപ്പിന് മത്സര ചിത്രം വ്യക്തമായി. പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്നലെ അവസാനിച്ചതോടെ ആരും പത്രിക പിൻവലിക്കാതിരുന്ന വയനാട്ടിൽ 16 പേരാണ് മത്സരരംഗത്ത്.

പാലക്കാട് 10 പേരാണ് മത്സരിക്കുന്നത്.

ചേലക്കരയിൽ ഒരാൾ പത്രിക പിൻവലിച്ചു. ആറ് പേർ മത്സരരംഗത്തുണ്ട്. എല്ലാ സ്ഥാനാർത്ഥികൾക്കും തെരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചു.

✪✪✪

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് മണ്ഡലത്തിൽ മത്സരചിത്രം വ്യക്തമായതോടെ പ്രചാരണം സജീവമാവുകയാണ്. UDF, LDF, NDA മുന്നണികൾ സംസ്ഥാന - ദേശീയ നേതാക്കളെ പങ്കെടുപ്പിച്ച് വോട്ടുറപ്പിക്കാൻ ശ്രമത്തിലാണ്.

ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്.

------------ (വോയ്സ്) ----------------

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലത്തിൽ UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് നഗരസഭാ പ്രദേശങ്ങളിലാണ് വോട്ടഭ്യർത്ഥന നടത്തുന്നത്.

LDF സ്ഥാനാർഥി ഡോ P.സരിൻ രാവിലെ ഓലവക്കോട് ടാണിൽ നിന്ന് പ്രചാരണം ആരംഭിച്ചു.

NDA സ്ഥാനാർഥി C. കൃഷ്ണകുമാർ ഇന്ന് കണ്ണാടി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലാണ് പ്രചരണം നടത്തുന്നത്.

✪✪✪

ചേലക്കര നിയമസഭാ മണ്ഡലത്തിൽ UDF സ്ഥാനാർത്ഥി രമ്യ ഹരിദാസ് ദേശമംഗലം പഞ്ചായത്തിൽ മണ്ഡല പര്യടനം നടത്തുന്നു.

NDA സ്ഥാനാർഥി കെ ബാലകൃഷ്ണൻ ഇന്ന് വരവൂർ പഞ്ചായത്തിൽ പ്രചാരണം നടത്തും.

LDF സ്ഥാനാർത്ഥി യു ആർ പ്രദീപ് പനംകുറ്റിയിലാണ് പര്യടനം നടത്തുന്നത്. മന്ത്രി ഒ ആർ കേളുവും പ്രചാരണത്തിന്റെ ഭാഗമായി തിരുവില്വാമല, പഴയന്നൂർ, എളനാട് എന്നിവിടങ്ങളിലെ വിവിധ കോളനികളിൽ സന്ദർശനം നടത്തുന്നുണ്ട്.

✪✪✪

വയനാട്ടിലെ ജനങ്ങൾക്ക് മേൽ അടിച്ചേൽപ്പിച്ച തെരഞ്ഞെടുപ്പാണ് നടക്കാൻ പോകുന്നതെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് പറഞ്ഞു. BJP ഏറനാട് മണ്ഡലം പൊതുയോഗം മലപ്പുറം എടവണ്ണയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു MT രമേശ് .

✪✪✪

മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനമായ ഇന്ന് രാഷ്ട്രീയ സങ്കൽപ് ദിവസമായും ആചരിക്കുന്നു. ന്യൂഡൽഹിയിലെ വസതിക്ക് സമീപം 1984 ഒക്ടോബർ 31നാണ് സുരക്ഷാ ജീവനക്കാരുടെ വെടിയേറ്റ് ഇന്ദിരാ ഗാന്ധി കൊല്ലപ്പെട്ടത്. ദേശീയ പ്രതിജ്ഞ ദിനമായും ഈ ദിവസം ആചരിക്കുന്നുണ്ട്.

✪✪✪

ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനമായ ഇന്ന് KPCCയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 'ദി ഐഡിയ ഓഫ് ഇന്ത്യ- ഇന്ത്യയെന്ന ആശയം- ക്യാമ്പയിന് തുടക്കമായി. പൂർണ്ണസ്വരാജ് ദിനമായ ഡിസംബർ 31 വരെയാണ്

ക്യാമ്പയിനെന്ന് KPCC സംഘടനാ ജനറൽ സെക്രട്ടറി M.ലിജു തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

ദീപങ്ങളുടെ ഉത്സവമായ ദീപാവലി ഇന്ന്. തിന്മയ്ക്ക് മേൽ നന്മയുടെ വിജയം എന്ന ആശയമാണ് ദീപാവലിയുടെ സന്ദേശം. ദീപങ്ങൾ തെളിയിച്ചും മധുരം പങ്കുവെച്ചും പടക്കം പൊട്ടിച്ചും കേരളത്തിൽ ഇന്ന് ദീപാവലി ആഘോഷിക്കുന്നു.

------------ (വോയ്സ്) --------------

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മറ്റ് ഭാഗങ്ങളിലും അഞ്ച് ദിവസമാണ് ദീപാവലി ആഘോഷം. വിളക്കുകൾ തെളിച്ചും വർണ്ണ മനോഹരമായ പടക്കങ്ങൾ പൊട്ടിച്ചും മധുര പലഹാരങ്ങൾ വിതരണം ചെയ്തും രാജ്യത്തുടനീളം ദീപാവലി ആഘോഷിക്കുന്നു. ഐതിഹ്യങ്ങളനുസരിച്ച് ഐശ്വര്യത്തിന്റെ ദേവിയായ മഹാലക്ഷ്മിയുടെ അവതാര ദിനംകൂടിയാണിത്. പാലാഴി മഥന വേളയിൽ അവതരിച്ച ലക്ഷ്മി ദേവിയെ സമ്പത്തിന്റെ അധിദേവതയായാണ് പരിഗണിക്കുന്നത്. കേരളത്തിൽ നരകാസുര വധത്തിന്റെ ഐതിഹ്യവും ദീപാവലി ആഘോഷത്തിനുണ്ട്. അസുരനെ വധിച്ച ശേഷം തിരികെയെത്തിയ ശ്രീകൃഷ്ണനെ ദീപങ്ങൾ തെളിയിച്ച് സ്വീകരിച്ചതിന്റെ അനുസ്മരണമായും ദീപാവലിയെ കണക്കാക്കുന്നു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ജനങ്ങൾക്ക് ദീപാവലി ആശംസ നേർന്നു.

✪✪✪

ഗവർണറും മുഖ്യമന്ത്രിയും ദീപാവലി ആശംസ നേർന്നു.

“ആഘോഷത്തിന്റെ ആഹ്ലാദത്താൽ ജനമനസ്സുകളെ ധന്യമാക്കുന്നതോടൊപ്പം സ്നേഹവും ഐക്യബോധവും കൊണ്ട് സാമൂഹിക ഒരുമ ശക്തിപ്പെടുത്താനും ദീപങ്ങളുടെ ഉത്സവം നമുക്ക് പ്രചോദനമേകട്ടെ”എന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആശംസ സന്ദേശത്തിൽ പറഞ്ഞു.

പ്രകാശത്തിന്റെ ഉത്സവമാണ് ദീപാവലിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭേദചിന്തകൾക്കതീതമായ, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വെളിച്ചം ഓരോ മനുഷ്യമനസ്സിലും നിറയ്ക്കുന്നതാകട്ടെ ദീപാവലി ആഘോഷങ്ങളെന്നും മുഖ്യമന്ത്രി ആശംസിച്ചു.

✪✪✪

ദീപാവലിയുടെയും ഛത്ത് പൂജയുടെയും ഉത്സവ സീസണിൽ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് റെയിൽവേ 7,296 പ്രത്യേക ട്രെയിനുകളാണ് ഓടിക്കുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 2,800 ട്രെയിനുകൾ അധികമായി ഓടിക്കുന്നുണ്ട്.

✪✪✪

നിലമ്പൂർ പോത്തുകല്ല് ആനക്കല്ലിലെ പട്ടിക വർഗ നഗറിൽ ഉഗ്രസ്ഫോടന ശബ്ദമുണ്ടായ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുമെന്ന് മന്ത്രി GR അനിൽ പറഞ്ഞു. ഉഗ്രസ്ഫോടന ശബ്ദത്തെ തുടർന്ന് വിള്ളൽ വീണ വീടുകൾ മന്ത്രി ഇന്നലെ രാത്രി സന്ദർശിച്ചു. വീട്ടുകാരിൽ നിന്നും വിവരങ്ങൾ ചോദിച്ചറിഞ്ഞു. ജില്ലാ കളക്ടറുമായി ഫോണിൽ സംസാരിച്ച് മന്ത്രി സ്ഥിതി വിലയിരുത്തി. മന്ത്രിയുടെ നിർദ്ദേശ പ്രകാരം രാവിലെ ജില്ല കളക്ടറും ജിയോളജി സംഘവും സ്ഥലം സന്ദർശിച്ചു.

✪✪✪

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കും. ഇതിനായി ലേലം ചൊവ്വാഴ്ച റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് പഞ്ചാബ് FC ചെന്നൈയിൻ FC യെ നേരിടും. ന്യൂഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ആലപ്പുഴ ജില്ല സ്കൂൾ കായികമേളയിൽ ആലപ്പുഴ ഉപജില്ലയ്ക്ക് കിരീടം. 42 സ്വർണവും 34 വെള്ളിയും 20 വെങ്കലവുമായി 375 പോയിന്റോടെയാണ് ആലപ്പുഴ ഉപജില്ല ജേതാക്കളായത്. 333 പോയിന്റുമായി ചേർത്തല രണ്ടാം സ്ഥാനത്തും മാവേലിക്കര ഉപജില്ല മൂന്നാം സ്ഥാനത്തുമെത്തി.

✪✪✪

എറണാകുളത്ത് തിങ്കളാഴ്ച ആരംഭിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ ദീപശിഖ പ്രയാണം നാളെ തുടങ്ങും. കാസർഗോഡ് ഹോസ്ദുർഗ് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ നിന്ന് രാവിലെയാണ് പ്രയാണം ആരംഭിക്കുന്നത്.

✪✪✪

"ഹോർത്തൂസ്" കലാസാഹിത്യ സാംസ്കാരിക സംഗമം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യും. രാജ്യാന്തര കലാസാഹിത്യ സാംസ്കാരികോത്സവമായ ഹോർത്തൂസ് നവംബർ 1,2,3 തീയതികളിലാണ് നടക്കുന്നത്.

✪✪✪

സ്വർണ്ണവില ഇന്നും വർധിച്ച് 60,000 ത്തിലേക്ക് അടുക്കുന്നു. പവന് 120 രൂപ ഉയർന്ന് 59,640 ലാണ് വ്യാപാരം പുരോഗമിക്കുന്നത്. 7,455 രൂപയാണ് ഗ്രാം വില.

✪✪✪